ണെന്ന റിപ്പോർട്ടുണ്ട്. ഏതാണ്ട് ഒരു മാസം മുമ്പ് ഈ പ്രദേശത്തുണ്ടായ വെള്ളപ്പൊക്കത്തിൽ പഞ്ചാബിൽ മാത്രം രണ്ടായിരത്തിലേറെ ആളുകൾ മരിച്ചുപോയി. കൃഷിക്കും വീടുകൾക്കും മററുമുണ്ടായ നഷ്ടത്തിന്റെ കണക്കുകൾ പറയപ്പെടുന്നതു കോടികണക്കിലാണ്.

ബ്യാസ്—സത്ലജ് നദീതീരത്തിലെ വൻകിട നിർമാണങ്ങൾ ഗൗരവാവഹമായ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണെന്നു വിദഗ്ധർ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു. ഭാക്ഡാ അണക്കെട്ടിനു മുകളിലുള്ള ഗോബിന്ദ്സാഗർ ജലാശയത്തിന്റെ ജലസംഭരണശേഷി ഇതിനകം 5.78 ശതമാനം കുറഞ്ഞിട്ടുണ്ട്. അറുപതുലക്ഷത്തിമുപ്പതിനായിരം ഏക്കർ അടി വെള്ളം അതിൽ നിൽക്കുമെന്നായിരുന്നു 1963—ലെ കണക്കുകൂട്ടൽ. ഇപ്പോൾ ഈ ജലാശയത്തിൽ നിൽക്കുന്നതു് അമ്പത്തഞ്ചുലക്ഷം ഏക്കർ അടി വെള്ളം മാത്രമാണ്.

ഗോബിന്ദ്സാഗർ ജലാശയത്തിൽ മണ്ണൊലിപ്പുമൂലം വലിയൊരു തുരുത്ത് ഉണ്ടായിവരുന്നുണ്ട്. ത്രികോണാകൃതിയിലുള്ള ഈ തുരുത്ത് അണക്കെട്ടിൽനിന്നു പതിനാറു കിലോമീററർ മുകളിൽത്തുടങ്ങി ഇരുപത്തിരണ്ടു കിലോമീററർ മുകളിൽവരെ ആറുകിലോമീററർ സ്ഥലത്തു പരന്നുകിടക്കുന്നു. ഒരിടത്ത് ഇതിന് ആയിരത്തഞ്ഞൂറ് അടിവരെ ഉയരമുണ്ടായിട്ടുണ്ടത്രേ. അണയിലെ സ്പിൽവേയിലൂടെ ചെളി ഒലിച്ചുപോകുന്നതിനു തടസ്സമാണ് ഈ തുരുത്ത്.

1963—65 കാലത്ത് ഏഴുപത്തയ്യായിരത്തിയെൺപത്തഞ്ച് ഏക്കർ അടി ചെളി ഭാക്ഡാ ജലാശയത്തിൽ വന്ന് അടിഞ്ഞതായി കണക്കാക്കിയിട്ടുണ്ട്. ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ആണ്ടുതോറും അറുപതിനായിരത്തിയിരുന്നൂററുപത്താറ് ഏക്കർ അടി ചെളിയാണ് ഇവിടെ നിക്ഷേപിക്കപ്പെട്ടതു്. അണക്കെട്ടു നിർമിച്ചവർ പ്രതീക്ഷിച്ചതിനേക്കാൾ എത്രയോ കൂടുതലാണിതു്.

ഇതു് ഭാക്ഡയുടെ മാത്രം സ്ഥിതിയല്ല. ഇന്ത്യയിലെ ഓരോ അണക്കെട്ടിന്റെയും സ്ഥിതി ഏറെക്കുറെ ഇതുതന്നെ. അണക്കെട്ടിൽ ചെളി വന്നു നിറഞ്ഞാൽ അതിലെ ജലംകൊണ്ടു ജീവിക്കുന്ന വിശാല ഭൂഭാഗങ്ങളിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും ഗതി എന്താവും?

തങ്ങൾ ജീവിക്കുന്ന പ്രദേശങ്ങളിലെ പ്രകൃതിയെപ്പററിയും പ്രകൃതിയിൽ മനുഷ്യന്റെ നിർമാണങ്ങൾ ഏല്പിക്കുന്ന ആഘാതങ്ങളെപ്പററിയും ഈ ആഘാതങ്ങളുടെ ഹ്രസ്വകാല—ദീർഘകാല ദുഷ്ഫലങ്ങളെപ്പററിയും ഈ ദുഷ്ഫലങ്ങളെ ഇല്ലാതാക്കാനല്ലെങ്കിൽ അവയുടെ തീവ്രത ലഘൂകരിക്കാനെങ്കിലും ഇപ്പോൾ മുതൽ അനുഷ്ഠിച്ചുതുടങ്ങേണ്ട കർമപദ്ധതികളെപ്പററിയും വ്യക്തമായ ബോധം ജനസാമാന്യത്തിന്—എനിക്കും നിങ്ങൾക്കും—ഉണ്ടായാൽ മാത്രമേ ഭൂമിയെന്ന ഈ ചെറിയ അന്തരീക്ഷയാനം ഇനി ഏറെക്കാലത്തേക്കു ജന്തു—സസ്യ ജീവിതാധാരമായി തുടരുകയുള്ളൂ.

(14 ഒക്ടോബർ, 1988)

# 57. നർമദാ പദ്ധതി

ഇന്ത്യയിലെ വലിയ നദികളിലൊന്നാണ് നർമദ. ഭൂഖണ്ഡത്തിന്റെ ഏതാണ്ട് ഒത്ത നടുവിൽ, മധ്യപ്രദേശിൽ വിന്ധ്യ-ശതപുര—പർവതനിരകൾക്കിടയിൽ ഉത്ഭവിച്ച്, പടിഞ്ഞാറോട്ട് ഒഴുകി, ഗുജറാത്തിൽവെച്ച് അറബിക്കടലിൽ ചേരുന്ന നർമദയുടെ സഞ്ചാരപഥത്തിൽ തൊണ്ണൂറു ശതമാനവും മധ്യപ്രദേശിലാണ്. സിന്ധു, ബ്രഹ്മപുത്ര, ഗംഗ മുതലായ ഹിമാലയ നദികളെപ്പോലെ ഹിമപാളികളിൽനിന്ന് ഉറഞ്ഞൊഴുകുന്ന ഒരു നദിയല്ല നർമദ. മഴ പെയ്താലേ നർമദയിൽ വെള്ളമുണ്ടാവൂ. വിന്ധ്യ—ശതപുര മലനിരകളിലെ

കാടുകളാണു് മഴവെള്ളം തടഞ്ഞുനിർത്തി, മണ്ണിലേക്കിറക്കി, കുറേശ്ശയായി നർമദയിലേക്കു വിട്ടുകൊടുക്കുന്നതു്. ഈ കാടുകൾ അപ്രത്യക്ഷമാവുന്ന തോതിനു് നർമദയിലെ നീരൊഴുക്കം കുറഞ്ഞുവരികയാണു്.

മദ്ധ്യപ്രദേശിൽ 'നർമദാ സാഗർ' എന്ന പേരിലും ഗുജറാത്തിൽ 'സർദാർ സരോവർ' എന്ന പേരിലും രണ്ടു കൂററൻ അണക്കെട്ടുകൾ നർമദയ്ക്കു കുറുകെ നിർമിക്കുന്നതിനു് 1987–ൽ ഇന്ത്യാ ഗവണ്മെൻറ് അനുമതി നൽകുകയുണ്ടായി. ലോകബാങ്കു് ഈ പദ്ധതിക്കായി വലിയ ഒരു തുക കടമായി നൽകുന്നുണ്ടു്. ഈ അണക്കെട്ടുകൾ ഉൾപ്പെടെയുള്ള നർമദാ നദീതടപദ്ധതി, 'ലോകത്തിലെ ഏററവും വലിയ' നദീതടപദ്ധതിയായിരിക്കുമെന്നാണു് പറയപ്പെടുന്നതു്. പദ്ധതി പൂർത്തിയാവുമ്പോൾ മൂന്നര ലക്ഷം ഹെക്ടാർ വനഭൂമിയും രണ്ടു ലക്ഷം ഹെക്ടാർ കൃഷിഭൂമിയും വെള്ളത്തിനടിയിലാവുകയും, പതിനഞ്ചു ലക്ഷത്തിലേറെ ജനങ്ങൾ, അധികവും പാവപ്പെട്ട ആദിവാസികൾ, കുടിയിറക്കപ്പെടുകയും ചെയ്യുമെന്നതിനാൽ, ലോകത്തിലെ ഏററവും വലിയ 'പരിസ്ഥിതി ദുരന്തം' ആയിരിക്കും നർമദാ നദീതട പദ്ധതി എന്നു കരുതുന്നവർ കുറവല്ല. അതിനാൽ നർമദാ നദീതട പദ്ധതിക്കെതിരായ ഒരു ജനകീയ പ്രസ്ഥാനം ശക്തിയാർജിച്ചുവരുന്നുണ്ടു്.

എൻജിനിയർമാരുടെയും കോൺട്രാക്ടർമാരുടെയും രാഷ്ട്രീയക്കാരുടെയും 'സ്വർഗസ്വപ്നം' ആണു് നർമദാ നദീതട പദ്ധതി. ഇരുപത്തൊമ്പതു് വലിയ അണക്കെട്ടുകളും നാനൂററമ്പതു് ഇടത്തരം അണക്കെട്ടുകളും മൂവായിരത്തിലേറെ ചെറുതരം അണക്കെട്ടുകളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇവയിൽ, ഏററവും പ്രധാനപ്പെട്ട മദ്ധ്യപ്രദേശിലെ നർമദാസാഗർ അണക്കെട്ടും ഗുജറാത്തിലെ സർദാർ സരോവർ അണക്കെട്ടും നിർമിക്കാൻതന്നെ ഇരുപത്തയ്യായിരം കോടി രൂപയിലധികം ചെലവാകുമെന്നാണു് ഇപ്പോഴത്തെ മതിപ്പു്. ഏഴാം പഞ്ചവത്സരപദ്ധതിയുടെ ആകെ മതിപ്പുചെലവിന്റെ പതിന്നാലു ശതമാനമാണു് ഈ തുക. ഏഴാം പഞ്ചവത്സരപദ്ധതിയിൽ വിദ്യാഭ്യാസത്തിനു നീക്കിവെച്ചിരിക്കുന്നതു് ആകെ ചെലവിന്റെ 2.8 ശതമാനം മാത്രമാണെന്നുകൂടി ഓർക്കുമ്പോഴേ, നർമദാ നദീതടപദ്ധതിക്കു് രാഷ്ട്രം നൽകുന്ന കനത്ത വിലയെപ്പററി നമുക്കു് ബോധമുണ്ടാവൂ. എല്ലാ പദ്ധതികളുടെയുംപോലെ, പണി പൂർത്തിയാവുമ്പോഴേക്കു് നർമദാ നദീതട പദ്ധതിയുടെ ചെലവു് നാലിരട്ടി ലക്ഷം കോടി രൂപവരെ ഉയർന്നുകൂടെന്നുമില്ല.

മദ്ധ്യപ്രദേശിൽ നർമദാ നദീതടപദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന രണ്ടു് അണക്കെട്ടുകളിലെ വെള്ളം നാനൂറെറൺപതു ഗ്രാമങ്ങളെ മുക്കിക്കളയും. ഇന്നത്തെ കണക്കനുസരിച്ചു് ഒരു ലക്ഷത്തി അറുപതിനായിരം ജനങ്ങളും എട്ടു ലക്ഷം കന്നുകാലികളും സ്വന്തം പാർപ്പിടങ്ങളിൽനിന്നു് ഒഴിഞ്ഞുപോകേണ്ടിവരും. അണക്കെട്ടു പണിതു് തീരുമ്പോഴേക്കും വിസ്ഥാപിതരാകുന്ന ജനങ്ങളുടെ സംഖ്യ രണ്ടര ലക്ഷവും, കന്നുകാലികളുടെ സംഖ്യ പത്തു ലക്ഷവുമായി ഉയരാൻ സാദ്ധ്യതയുണ്ടു്. ഇതിനു പുറമെ അമ്പതിനായിരം ഹെക്ടാർ റിസവ്വ് വനപ്രദേശവും 93,000 ഹെക്ടാറോളം കൃഷിസ്ഥലവും വെള്ളത്തിനടിയിലായിപ്പോവും.

മദ്ധ്യപ്രദേശിൽ മൂന്നു ലക്ഷം ഹെക്ടാർ പ്രദേശത്തും ഗുജറാത്തിൽ പതിനാറു ലക്ഷം ഹെക്ടാർ പ്രദേശത്തും ജലസേചനം ലഭ്യമാക്കുകയാണു് നർമദാ നദീതടപദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം. ഇതോടൊപ്പം മൂവായിരം മെഗാവാട്ടു് (ഒരു മെഗാവാട്ടു് = പത്തു ലക്ഷം വാട്ടു്) വൈദ്യുതി ഉല്പാദിപ്പിക്കാനും പരിപാടിയുണ്ടു്. ഗുജറാത്തിലെ വരണ്ട വിശാല ഭൂപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുകയും നർമദാപദ്ധതിയുടെ ലക്ഷ്യമാണു്. 'റൺ ഓഫ് കച്ഛ്' എന്ന മരുഭൂമിയുടെ ഒരു ഭാഗം ഈ വെള്ളം ഉപയോഗിച്ചു് കൃഷിയോഗ്യമാക്കിത്തീർക്കാമെന്നും പ്രതീക്ഷയുണ്ടു്. തങ്ങൾക്കു് അനന്തമായ ക്ഷേമവും കുടിനീരും സമ്പൽ

സമൃദ്ധിയും നർമദാ നദീതടപദ്ധതിയിലൂടെ കൈവരുമെന്നാണ് ഗുജറാത്തിലെ സാധാരണക്കാരുടെ വിശ്വാസം.

ഈ വിശ്വാസത്തിന് വലിയ അടിസ്ഥാനമൊന്നുമില്ലെന്ന്, നർമദാ നദീതടപദ്ധതിയെ എതിർക്കുന്നവർ ചൂണ്ടിക്കാണിക്കുന്നു. പദ്ധതി നടപ്പിലായാൽ മുങ്ങിപ്പോവുന്ന കൃഷിസ്ഥലത്തിന്റെ പകുതി വിസ്താരമുള്ള പ്രദേശത്തുതന്നെ പുതുതായി ജലസേചനം ഏർപ്പെടുത്തുവാൻ സാദ്ധ്യമാവുകയില്ലെന്നാണ് അവർ പറയുന്നത്. പുതുതായി ജലസേചനം നടത്താൻ ഉദ്ദേശിക്കുന്ന പല പ്രദേശങ്ങളിലെയും മണ്ണ് കൃഷിയോഗ്യമല്ലെന്ന് ശാസ്ത്രീയ പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടത്രെ. അവിടെ ജലസേചനം നിരുപയോഗമായിരിക്കും. നീർവാർച്ചയ്ക്ക് സൗകര്യം നൽകാതെ ജലസേചനം ഏർപ്പെടുത്തുമ്പോൾ വിസ്തൃതങ്ങളായ മൈതാനപ്രദേശങ്ങൾ ചതുപ്പനിലങ്ങളായി മാറുന്നത് അസാധാരണമല്ല. നർമദാസാഗർ, ഓംകാരേശ്വർ എന്നീ അണക്കെട്ടുകളിലെ വെള്ളം ഉപയോഗിച്ച് നനയ്ക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഏതാണ്ട് ഒരുലക്ഷം ഹെക്ടർ ഭൂമി ഇങ്ങനെ ചതുപ്പനിലമായി മാറാൻ സാദ്ധ്യതയുണ്ട് എന്ന് ബാംഗ്ലൂരിലെ ഇന്ത്യൻ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ഒരു പഠനം വെളിപ്പെടുത്തിയിട്ടുണ്ടത്രെ. വളരെയധികം ധാതുലവണനിക്ഷേപമുള്ള സ്ഥലമാണ് ഗുജറാത്തിലെ റൺ ഓഫ് കച്ച് എന്ന മരുഭൂമി. ഇവിടെ ജലസേചനം ഏർപ്പെടുത്തിയാൽ പലതരം ക്ഷാരവസ്തുക്കൾ വെള്ളത്തിൽ കലങ്ങി പുറത്തുവരും. ഇതിന്റെ ഫലം കൂടുതൽ നിരുപയോഗമായ മരുഭൂമി ആയിക്കൂടായ്കയില്ല.

നർമദാ പദ്ധതിയിലെ അണക്കെട്ടുകൾ തടഞ്ഞുനിർത്തുന്ന വെള്ളം ഉപയോഗിച്ച് നിർമിക്കാവുന്ന വിദ്യുച്ഛക്തി, മതിപ്പിനേക്കാൾ എത്രയോ കുറഞ്ഞുപോകാനാണ് യഥാർത്ഥ സാദ്ധ്യത എന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ജലാശയത്തിൽ ചെളി അടിയുന്നതിനാൽ വൈദ്യുതി ഉല്പാദനം വർഷംതോറും കുറഞ്ഞുവരുന്നത് ഭാക്ഡയിലും മറ്റും നാം കണ്ടുപരിചയിച്ചതാണ്. മാത്രമല്ല, നർമദാ നദീതടപദ്ധതിക്കു കീഴിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ വലിയൊരു ഭാഗം, ആ പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന തോടുകളിലേക്ക് വെള്ളം അടിച്ചുകയറ്റുന്നതിന് (ലിഫ്റ്റ്) ചെലവാകുകയും ചെയ്യും.

നർമദാ നദിയുടെ ജലം പങ്കിടുന്നതു സംബന്ധിച്ച് മഹാരാഷ്ട്രം, മദ്ധ്യപ്രദേശ്, ഗുജറാത്ത് എന്നീ മൂന്നു സംസ്ഥാനങ്ങൾ തമ്മിൽ നീണ്ടകാലം തർക്കം നടന്നിരുന്നു. അക്കാലത്ത് വിധി തങ്ങൾക്കനുകൂലമാകുന്നതിനുവേണ്ടി, തങ്ങളുടെ സംസ്ഥാനത്ത് നർമദാ ജലം ഉപയോഗിച്ചു നനയ്ക്കാവുന്ന കൃഷിഭൂമിയുടെ വിസ്തീർണം മൂന്നു സ്റ്റേറ്റുകളും കഴിയുന്നത്ര വർദ്ധിപ്പിച്ച് ചിത്രീകരിച്ചു. അങ്ങനെയാണ്, ഗുജറാത്തിൽ പതിനാറു ലക്ഷം ഹെക്ടർ കൃഷിഭൂമി നർമദാ ജലംകൊണ്ട് നനയ്ക്കാമെന്ന മതിപ്പുകണക്ക് ഉളവായത്. യഥാർത്ഥത്തിൽ ഇതിന്റെ പകുതി സ്ഥലത്തുപോലും നർമദാജലം എത്തിയേക്കുകയില്ല. ഉദാഹരണത്തിന്, സൗരാഷ്ട്രത്തിൽ നർമദാജലം ഉപയോഗിച്ച് കൃഷി നടത്താമെന്നാണ് ഇപ്പോൾ പറയുന്നത്. അവിടേക്ക് ഈ വെള്ളം എത്തിക്കുക കൃച്ഛ്രസാദ്ധ്യം മാത്രമല്ല, അസാദ്ധ്യംതന്നെയാണ് എന്നു പറയപ്പെടുന്നു.

നർമദാ സാഗരത്തിലെ ജലത്തിൽ മുങ്ങിപ്പോകുന്ന വനഭൂമിയിൽ, തേക്ക് മുതലായ വിലകൂടിയ മരങ്ങളും, മുളകളും, അമൂല്യങ്ങളായ ഔഷധച്ചെടികളും, ധാരാളം വന്യമൃഗങ്ങളുമുണ്ട്. ജനങ്ങളെ മററുവല്ല ഇടത്തും മാററിപ്പാർപ്പിക്കാമെന്നുവയ്ക്കുക. സസ്യങ്ങളെയും മൃഗങ്ങളെയും എന്തുചെയ്യാനാണ്? നശിച്ചുപോവുകയല്ലാതെ, അവയുടെ ശിരോലിഖിതം വേറെ എന്ത്?

നർമദാ പദ്ധതികൊണ്ട് കിടപ്പാടം നഷ്ടപ്പെടുന്നവർക്ക് പതിച്ചുകൊടുക്കാൻ ഒഴിഞ്ഞ സ്ഥലം ഗുജറാത്ത് സർക്കാരിന്റെ കൈയിലില്ല. ഗുജറാത്തിൽ സ്വകാര്യവ്യക്തികളിൽനിന്നു ഭൂമി വാങ്ങാൻ ഇവർക്കു സഹായധനം നൽകാ

മെന്നതാണ് സർക്കാരിന്റെ നിലപാട്. മദ്ധ്യപ്രദേശിലെ പാവപ്പെട്ട ആദിവാസികൾ ഗുജറാത്തിലെ കൗശലക്കാരായ കർഷകരിൽനിന്നു ഭൂമി വാങ്ങുന്നതിനെപ്പററി ആലോചിച്ചുനോക്കുക. സർക്കാരിൽനിന്നു കിട്ടിയ കാശ് മദ്യപിച്ചുതീർത്തശേഷം, ഈ വിസ്ഥാപിതർ കിടപ്പാടമില്ലാതെ എന്നെന്നും അലയുകയാവും ഇതിന്റെ ഫലം. കയ്യൂക്കുള്ളവർ മദ്ധ്യപ്രദേശിൽ ശേഷിച്ച വനഭൂമി കയ്യേറി സ്വന്തമാക്കിയെന്നുംവരും.

നർമ്മദാ സാഗർ അണക്കെട്ടിന് 860 അടിയും സർദാർ സാഗർ അണക്കെട്ടിന് 455 അടിയും ഉയരമുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവയുടെ ഉയരം കുറയ്ക്കുകയും, വേണ്ട സ്ഥലത്ത് ചെറിയ അണക്കെട്ടുകൾ കൂടുതൽ നിർമ്മിക്കുകയുമാണെങ്കിൽ, വെള്ളത്തിൽ മുങ്ങിപ്പോകുന്ന സ്ഥലത്തിന്റെ വിസ്താരം കുറയ്ക്കുകയും, വെള്ളത്തിന്റെ അളവ് കുറയാതെ നിലനിർത്തുകയുംചെയ്യാം. ചെറിയ അണക്കെട്ടുകൾമൂലം ഒരു ഗ്രാമം മുഴുവനുമല്ലാതെ, ഗ്രാമത്തിലെ ഏതാനും വീടുകൾ മാത്രമേ മുങ്ങിപ്പോവൂ. അതുനിമിത്തം പാർപ്പിടമില്ലാതാവുന്നവരെ, ഗ്രാമത്തിൽത്തന്നെ മറെറാരിടത്ത് പാർപ്പിക്കുവാൻ പ്രയാസമുണ്ടായേക്കുകയില്ല. പക്ഷേ, എൻജിനീയർമാരുടെയും കോൺട്രാക്ടർമാരുടെയും, സർവ്വോപരി രാഷ്ട്രീയക്കാരുടെയും, താല്പര്യം അണക്കെട്ടുകളുടെ ഉയരം വർദ്ധിപ്പിച്ച് ഖ്യാതി നേടുന്നതിലാണ്. വലിയ ചെലവ്, വലിയ ലാഭം എന്നതാണ് ഈ രംഗത്തിലെ തത്വശാസ്ത്രം.

നർമ്മദയിൽ ആണ്ടിൽ രണ്ടു കോടി എഴുപതുലക്ഷം ഏക്കറടി വെള്ളം ഒഴുകുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. വെള്ളം പിന്നെപ്പിന്നെ കുറഞ്ഞുവരികയാണെന്നും, ഇപ്പോൾ അത് രണ്ടുകോടിഇരുപതുലക്ഷത്തിൽ താഴെയായിട്ടുണ്ടെന്നും പറയപ്പെടുന്നു. നദീതീരത്തിലെ വനഭൂമി നശിക്കുന്ന തോതിനു നദിയിലെ ജലപ്രവാഹവും കുറഞ്ഞുവരാതിരിക്കാൻ നിർവാഹമില്ല. നർമ്മദാ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അണക്കെട്ടുകൾ മുഴുവൻ നിർമ്മിച്ചു കഴിയുമ്പോൾ, നദിയിലെ ഒഴുക്ക് പൂർണ്ണമായും നിലച്ചുപോവുകയില്ലേ? നമ്മുടെ ഭാരതപ്പുഴയുടെയും ചാലക്കുടിപ്പുഴയുടെയും മററുംപോലെ, വേനൽക്കാലത്ത് നർമ്മദാനദിയുടെയും തലം തികച്ചും വററിവരണ്ടു കിടക്കാനല്ലേ സാദ്ധ്യത? അങ്ങനെ ആശങ്കിക്കുന്നവർ കുറവല്ല.

നർമ്മദാ നദീതട പദ്ധതിക്കെതിരായി ജനകീയരോഷം രൂപംകൊണ്ടുവരുന്നതിനെപ്പററി പ്രസ്താവിച്ചുവല്ലോ. ഈ പദ്ധതിയെ എതിർക്കുന്ന പതിനായിരത്തിലധികം ആളുകൾ ഒപ്പിട്ട ഒരു ഹർജി പാർലമെന്റിൽ സമർപ്പിക്കപ്പെടുകയുണ്ടായി. സർദാർ സരോവരം, നർമ്മദ സരോവരം എന്നീ അണക്കെട്ടുകൾ മൂലം കിടപ്പാടം നഷ്ടപ്പെടാനിടയുള്ളവരുടെ ഒരു നിവേദനം കഴിഞ്ഞ ആഗസ്റ്റിൽ പ്രധാനമന്ത്രിക്കു സമർപ്പിക്കപ്പെട്ടു. ലോകബാങ്കിന്റെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കിവരുന്നതെന്നതിനാൽ, പദ്ധതിയുടെ ദോഷങ്ങൾ സംബന്ധിച്ച നിവേദനങ്ങൾ ലോകബാങ്കിനും നൽകിയിട്ടുണ്ട്. നർമ്മദാ നദീതീരത്തിൽ പാർക്കുന്ന ജനങ്ങൾ—അധികവും നിരക്ഷരർ—ഈ പദ്ധതിയുടെ ദോഷങ്ങളെപ്പററി കൂടുതൽ മനസ്സിലാക്കിവരുകയാണ്; അതോടൊപ്പം പദ്ധതിയോടുള്ള അവരുടെ എതിർപ്പു വർദ്ധിച്ചുംവരുന്നു.

ഇന്ത്യയിൽ ഇതുവരെ നടപ്പിലാക്കിയ നദീതടപദ്ധതികൾകൊണ്ട് ഉണ്ടായ ഗുണവും ദോഷവും അളന്നു തിട്ടപ്പെടുത്തുംമുമ്പ് പുതിയ കൂററൻ പദ്ധതികൾ തുടങ്ങാതിരിക്കണമെന്ന വാദം ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു. വികസനത്തിനുവേണ്ടി ചിലരൊക്കെ കുറെ ത്യാഗം സഹിച്ചേ മതിയാവൂ എന്നു പറയാറുണ്ട്. പക്ഷേ, വികസനത്തിന്റെ ലാഭം എപ്പോഴും പണക്കാർക്കും, നഷ്ടം എപ്പോഴും പാവപ്പെട്ടവർക്കുമാണെങ്കിൽ, ആ വികസനത്തിൽ എന്തോ പന്തികേടുണ്ടെന്നു കരുതുന്നത് തെററായിരിക്കയില്ല.

നർമ്മദാ നദീതടപദ്ധതിയെപ്പററി നാം കൂടുതൽ മനസ്സിലാക്കേണ്ടതുണ്ട്.

ഇന്ത്യാഭൂഖണ്ഡത്തിന്റെ ഒത്ത നടുവിൽ, അത്യന്തം വ്യാപ്തിയുള്ള ഒരു സ്ഥലത്തിലെ പരിസ്ഥിതിയെയും സസ്യ–ജന്തു–മനുഷ്യജീവിതത്തെയും ആകെ മാററിമറിക്കാൻപോന്നതാണ് ഈ പദ്ധതി. അതിന്റെ ഗുണദോഷങ്ങൾ നാം അന്വേഷിച്ചറിഞ്ഞേ മതിയാവൂ.

(3 ഡിസംബർ, 1988)

# 58. കടലിൽ പ്ലേഗ്

'എയ്ഡ്സ്' എന്ന മാരകരോഗം ആദ്യമായി കണ്ടുപിടിക്കപ്പെട്ടതു് 1981–ൽ ആയിരുന്നു. 1985–ൽ റോക് ഹഡ്സൺ എന്ന അമേരിക്കൻ സിനിമാതാരം എയ്ഡ്സ് ബാധിച്ചു കിടപ്പിലായതോടെ ആദ്യം അമേരിക്കക്കാരുടെയും പിന്നീട് ലോകജനതയുടെ മുഴുവനും ശ്രദ്ധ ആ രോഗത്തിലേക്കു തിരിഞ്ഞു. ഫലപ്രദമായ പ്രതിവിധി എയ്ഡ്സ് രോഗത്തിനു് ഇനിയും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. അചികിത്സ്യമായ ഈ രോഗത്തിൽപെട്ടു് മൃതിയടയുന്നവരുടെ എണ്ണം ആണ്ടോടാണ്ടു് പെരുകിക്കൊണ്ടിരിക്കുകയുമാണു്.

ബാഹ്യലക്ഷണങ്ങളിൽ എയ്ഡ്സിനോടു് ഏറെക്കുറെ സാമ്യമുള്ള ഒരു പകർച്ചവ്യാധി ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഡെന്മാർക്കിനടുത്തുള്ള കടലിലെ 'സീൽ' എന്ന ജലജീവികളിൽ ആദ്യമായി കാണപ്പെടുകയുണ്ടായി. ഡെന്മാർക്കിൽനിന്നു ജർമനിയിലേക്കും ജർമനിയിൽനിന്നു ബ്രിട്ടനിലേക്കും വ്യാപിച്ച ഈ രോഗം ഇന്നു യൂറോപ്പിലെ ജന്തുശാസ്ത്രജ്ഞരെ പരക്കെ ആശങ്കാകുലരാക്കിയിട്ടുണ്ടു്. അവർ അതിനെ 'സീൽ പ്ലേഗ്' എന്നു വിളിക്കുന്നു.

ഉത്തര–ദക്ഷിണ ധ്രുവപ്രദേശങ്ങൾക്കു ചുററുമുള്ള കടലുകളിലെ ഹിമശീതളമായ ജലത്തിൽ എത്രയോ യുഗങ്ങളായി ജീവിച്ചുപോരുന്ന സസ്തനജീവികളാണു് സീലുകൾ. പല വലിപ്പത്തിലുള്ള പല വർഗങ്ങൾ സീലുകൾക്കിടയിലുണ്ടു്. തോലിനുവേണ്ടിയും മാംസത്തിനുവേണ്ടിയും വലിയ തോതിൽ വേട്ടയാടപ്പെട്ടിരുന്നതിനാൽ ഇവയുടെ വംശനാശം സംഭവിച്ചേക്കുമോ എന്ന ആശങ്ക ഏതാനും വർഷങ്ങൾക്കുമുമ്പ് ഉളവായി. തുടർന്നു് സീലുകളെ സംരക്ഷിക്കുന്നതിനുള്ള നിയമങ്ങൾ പല രാജ്യങ്ങളിലും നിർമിക്കപ്പെട്ടു. ഭൂമധ്യരേഖയോടടുത്തു മന്ദോഷ്ണജലമുള്ള പ്രദേശങ്ങൾവരെ ചിലതരം സീലുകളെ കണ്ടുവരുന്നുണ്ടു്. മനുഷ്യരോടു് വളരെയധികം ഇണങ്ങുന്ന ജീവികളാണു് സീലുകൾ. മെരുക്കിയെടുത്ത ഇവയെക്കൊണ്ടു് വെള്ളത്തിലും കരയിലും ധാരാളം അഭ്യാസങ്ങൾ പ്രദർശിപ്പിക്കാം. സോവിയററ് യൂനിയനിലെ ഒരു സർക്കസ് വേദിയിൽ ഇണങ്ങിയ ഏതാനും സീലുകളുടെ പലതരം കളികൾ പ്രശസ്തയായ ഒരു സർഫസ് കലാകാരി പ്രദർശിപ്പിച്ചതു് വർഷങ്ങൾക്കുമുമ്പു കണ്ടതിന്റെ ഓർമ ഇന്നും എന്റെ മനസ്സിൽ പച്ചവിടാതെ നിൽക്കുന്നുണ്ടു്. ഏതാണ്ടു നല്ല ഇനം നായ്ക്കളുടെയത്ര ബുദ്ധിയും അനുസരണശീലവും നർമബോധവും സീലുകൾക്കുണ്ടെന്നു് അന്നു് എനിക്കു ബോധ്യമായി.

ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ആദ്യമായി കണ്ടുപിടിക്കപ്പെട്ട പകർച്ചവ്യാധിമൂലം വടക്കേ കടലിൽ(നോർത്ത് സീ) ഏഴായിരത്തിലേറെ സീലുകൾ ഇതിനകം മരണമടഞ്ഞതായി കണക്കാക്കപ്പെട്ടിരിക്കുന്നു. മനുഷ്യരിൽ 'ഹെപ്പീസ്' എന്ന രോഗമോ 'പോളിയോ' രോഗമോ വരുത്തുന്ന രോഗാണുക്കളോടു് സാമ്യമുള്ള ഒരുതരം അണുക്കൾ(വൈറസ്) ആണു സീലുകൾക്കു് ഈ പ്ലേഗ് ഉണ്ടാക്കുന്നതെന്നാണു് ആദ്യം സംശയിക്കപ്പെട്ടിരുന്നതു്. എന്നാൽ, നായ്ക്കൾക്കു് 'ഡിസ്ടെമ്പർ' എന്ന മാരകരോഗം ഉളവാക്കുന്ന രോഗാണുക്കളോടാണു് സീൽ പ്ലേഗിനു കാരണമായ രോഗാണുക്കൾക്കു ബന്ധമെന്നു് ഹോളണ്ടിലെ ശാസ്ത്രജ്ഞന്മാർ